കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)2050/2016,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
തീയതി: 30.01.2017
ഫോൺ നം: 0487 2331247
ഇ-മെയിൽ: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3ലെ 3-13, 3-19 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി3)2050/2016, തിയ്യതി:30.01.2017

<u>തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2015 മുതൽ 11.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ചേക്കുട്ടി കെ.യു.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2016 മുതൽ 19.11.2016 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുനിൽദത്ത്.എം.ആർ. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ.സിനിലാൽ.എം.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിജ്ജു.സി.എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. അനിൽ മാത്തുരുത്തി. | 1.4.2015 മുതൽ 30.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.15മുതൽ 18.11.15 വരെ |
| | ശ്രീമതി. പ്രസന്ന അനിൽ കുമാർ | 19.11.15മുതൽ 31.3.16 വരെ |
| സെക്രട്ടറി | എം.പി.സന്തോഷ് കുമാർ | 1.4.2015 മുതൽ 31.3.2016 വരെ |
| അസി .സെക്രട്ടറി | എൻ.എം.അബ്ദുൾ ജലീൽ | 1.4.2015 മുതൽ 31.3.2016 വരെ |
| അസി.എൻജിനീയർ | ഗിരിജ പി ബി | 1.4.2015മുതൽ 24.5.2015 വരെ |
| ,, | ലീല.ഇ | 25.5.2015 മുതൽ 31.3.16 വരെ |
| വി.ഇ.ഒ. | സി.കെ.മനേഷ് (വള്ളിവട്ടം) | 01-04-2015 മുതൽ 16-07-2015 A.N വരെ |
| | ജാസ്മിൻ (വടക്കുംകര) | 1.04.15 മുതൽ 04-09-2015 വരെ (5.9.15മുതൽ ഒഴിവ്) |
| | അനൂപ്.സി.എം | 16-07-2015 F.N മുതൽ 31.3.16 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | നീലിമ | 1.4.15-31.3.16 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.റോഷ് | 1.4.15 മുതൽ 04.06.2015 വരെ (5.6.15 മുതൽ 25.6.15 വരെ ഒഴിവ്) |
| | ഡോ.അജിത് | 26.06.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | റിങ്കു.പി | 01-04-2015 മുതൽ 31-03-2016 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ഹെലനി | 01-04-2015 to 31-03-2016 |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.മേനോൻ രവി | 01.4.15 മുതൽ 28.12.15 A.N വരെ |
| | ഡോ.അജിതൻ | 28.12.2015 F.N മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ് | ശോഭന.പി.മേനോൻ | 01.04.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമനം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ല. | 2.1 |
| 12 | കമ്മ്യൂണിറ്റി ഹാൾ -വരുമാനത്തേക്കാൾ അധികരിച്ച് ചെലവ് | 2.2 |

| | | |
|---|---|---|
| 13 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2.3 |
| 14 | ഡി ആന്റ് ഒ ലൈസൻസ് ഫീ കുറവ് ഈടാക്കി | 2.4 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിച്ചു കാണുന്നില്ല | 2.5 |
| 16 | ലേലം,വാടക -അപാകതകൾ | 2.6 |
| | ഭാഗം-3 | |
| 17 | അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 3-1 |
| 18 | ജനറേറ്റർ ലോഗ് ബുക്ക് -കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 3-2 |
| 19 | ക്ഷേത്രത്തിന് ഭൂമി-കൈമാറാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനം-ചട്ടങ്ങൾക്ക് വിരുദ്ധം. | 3-3 |
| 20 | ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതിന് തീരുമാനം -നടപ്പിലാക്കിയിട്ടില്ല. | 3-4 |
| 21 | പ്രിന്റർ വാങ്ങൽ ഐകെഎം സ്പെസിഫിക്കേഷനിലുള്ള ഗ്യാരണ്ടി ഉറപ്പു വരുത്തിയിട്ടില്ല. | 3-5 |
| 22 | അംഗൻവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ-പഞ്ചായത്തിന് നഷ്ടം. | 3-6 |
| 23 | മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല. | 3-7 |
| 24 | പദ്ധതി മാർഗ്ഗരേഖാ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത്. അധികം നൽകിയ തുക ഈടാക്കണം. | 3-8 |
| 25 | പാടശേഖരസമിതിക്ക് സബ്സിഡി, പ്രൊഡക്ഷൻ ബോണസ് എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 26 | വളം വിതരണം-പൊതു അപാകതകൾ | 3-10 |
| 27 | പർച്ചേയ്സ് ബിൽ ഹാജരാക്കിയിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-11 |
| 28 | ബയോഗ്യാസ് പ്ലാന്റ് -ചെലവു രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-12 |

| | | |
|---|---|---|
| 29 | അംഗൻ വാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം-ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 3-13 |
| 30 | തുടർ സാക്ഷരത പഠിതാക്കളുടെ ഫീസ് നൽകൽ - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല – ചെലവ് തടസപ്പെടുത്തുന്നു-15,000/- രൂപ.(പദ്ധതി നം 33/2015-16) | 3-14 |
| 31 | സ്കൂൾ കുട്ടികളുടേയും അംഗനവാടി കുട്ടികളുടേയും അഭിരുചി പരിപോഷണം-രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തടസപ്പെടുത്തുന്നു-75,000/- രൂപ.(പദ്ധതി നം 127/2015-16) | 3-15 |
| 32 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തടസപ്പെടുത്തുന്നു-1,50,000/- രൂപ.(പദ്ധതി നം 60/2015-16) | 3-16 |
| 33 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം- രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തടസപ്പെടുത്തുന്നു. 4,00,000/- രൂപ.(പദ്ധതി നം 126/2015-16) | 3-17 |
| 34 | എസ്.എസ്.എയ്ക്ക് അധികമായി നൽകിയ 1,78,542/-രൂപ തുടർ വർഷങ്ങളിൽ ക്രമീകരിക്കണം. | 3-18 |
| 35 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -അപാകതകൾ | 3-19 |
| 36 | വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റ് രസീത് ഇല്ല .ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-20 |
| 37 | പട്ടിക ജാതി കോളനികളിൽ എൽഇഡി ലൈറ്റ് സ്ഥാപിക്കൽ-വാങ്ങിയ മുഴുവൻ ലൈറ്റുകളും സ്ഥാപിച്ചിട്ടില്ല.-സ്ഥാപിച്ചവ കത്തുന്നില്ല. | 3-21 |
| 38 | എൽഇഡി ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ | 3-22 |
| 39 | തെരുവ് വിളക്കുകൾ എഎംസി എടുത്ത കരാറുകാരിൽ നിന്ന് ആദായ നികുതി | 3-23 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല | |
| 40 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല | 3-24 |
| 41 | പട്ടിക ജാതി കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ-വാങ്ങി നൽകൽ-നിരാപേക്ഷ സാക്ഷ്യ പത്രം ഇല്ല -തുക തടസ്സപ്പെടുത്തുന്നു. | 3-25 |
| 42 | ഫിക്സഡ് ഡെപ്പോസിറ്റുകൾ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. | 3-26 |
| 43 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഇല്ല/കാലിത്തീറ്റ മുഴുവൻ കൈപ്പറ്റിയിട്ടില്ല. | 3-27 |
| 44 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ-പൊതു അപാകതകൾ | 3-28 |
| 45 | ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല. | 3-29 |
| 46 | പഞ്ചായത്തിന് മഴ വെള്ള സംഭരണത്തിനായി ലഭിച്ച 1000000/-വിനിയോഗിച്ചിട്ടില്ല. | 3-30 |
| 47 | ചെലവഴിക്കാതെ തിരികെ ലഭിച്ച തുക തിരിച്ചടച്ചിട്ടില്ല. | 3-31 |
| 48 | ആശ്രയ പദ്ധതി അവലോകനം | 3-32 |
| 49 | പാലിയേറ്റീവ് മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 3-33 |
| 50 | തൊഴിലുറപ്പ് പദ്ധതി -എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 3-34 |
| | ഭാഗം-4 | |
| 51 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 52 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 54 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 55 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 56 | ഓഡിറ്റ് റിക്കവറി | 4-6 |
| 57 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 60 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 1.3.2016 തിയതിയിൽ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2016 | 29.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

നാളിതുവരെയുള്ള ആസ്തിബാധ്യതാ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -36716064

വരവ് -101819738

ആകെ -138535802

ചെലവ് -123658878

നീക്കിയിരിപ്പ്-14876924

# 1-5 ഫണ്ട് വിനിയോഗം

പബ്ലിക് അക്കൗണ്ട്

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | TC | RP40b പ്രകാരം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2928032 | 10156264 | 13084296 | 13084296 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4921049 | 0 | 4921049 | 2018717 | TC/ 2902332 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | 0 | 9000 | 0 | TC/ 9000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3969 | - | 3969 | 3969 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1750615 | - | 1750615 | 1750615 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2674620 | 2586402 | 5261022 | 1846090 | TC/ 3414932 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3830000 | 0 | 3830000 | 0 | TC/ 3830000 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 9505756 | 9505756 | 9504102 | | 1654 |

കൺസോളിഡേറ്റഡ് ഫണ്ട്

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 48758671 | 1006493 | 47752178 | 20.64 |
| വികസനഫണ്ട് എസ്.സി.പി. | 9802332 | 5412566 | 4389766 | 55.21 |
| വികസനഫണ്ട് ടി.എസ്.പി. | 18000 | 18000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2598000 | 2598000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3723000 | 320459 | 518941 | 8.6 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20238786 | 6766126 | 13472660 | 33.43 |
| പെർഫോമൻസ് ഗ്രാന്റ് | 3830000 | 3173955 | 656045 | 82.87 |
| ബി ഫണ്ട് | 33352558 | 33268172 | 84386 | 99.74 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 68141798 | 97 | 54168697 | 14 | 11 | 79.5 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6.12 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6819693 | 4967871 | -1851822 | -27.15 |
| നികുതിയേതര വരവുകൾ | 1699083 | 1699828 | +745 | +0.04 |
| മറ്റുവരവുകൾ | 9121069 | 11353504 | +2232408 | +24.47 |
| ആകെ | 19194124 | 18021203 | -1172921 | -6.12 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 227520 | 148 |
| കർഷകതൊഴിലാളി പെൻഷൻ | 5022840 | 694 |
| വിധവാപെൻഷൻ | 12825080 | 1447 |
| വാർദ്ധക്യകാല പെൻഷൻ | 10727280 | 1753 |
| വികലാംഗപെൻഷൻ | 4003070 | 422 |
| അവിവാഹിത പെൻഷൻ | 423320 | 47 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 12160 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/11/2016, 08/11/2016 | October 2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/9/2002-30/09/2002 | 01/04/1997-31/03/2002 | Spl.Cell HQ 1/IA/BA-358/542 dt.19.02.2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും

ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും, ഡ്രയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി (പൂർണ്ണ സംഖ്യയിൽ) ചുമത്താവുന്നതാണ്.

എന്നാൽ പഞ്ചായത്തിൽ ഈയിനത്തിൽ നികുതി ചുമത്തുന്നതിനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 2-2 കമ്മ്യൂണിറ്റി ഹാൾ -വരുമാനത്തേക്കാൾ അധികരിച്ച് ചെലവ്

പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാളിന് 2015-16 ൽ വാടക ഇനത്തിൽ 38500/-രൂ ആണ് ലഭിച്ചത്. എന്നാൽ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ 2015-16ൽ കമ്മ്യൂണിറ്റി ഹാളിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| 25.4.15 | 18902/- |
| 29.6.15 | 19364/- |
| 7.9.15 | 20406/- |
| 11.11.15 | 17818/- |
| 7.1.16 | 18350/- |
| 2.3.16 | 16908/- |
| ഡെപ്പോസിറ്റ് | 12678/- |
| ആകെ | 124426/- |

പഞ്ചായത്തിന്റെ ഒരു വരുമാന മാർഗ്ഗമായി മാറേണ്ട കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്തിന് ഒരു ബാധ്യത ആയി മാറാതിരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് -അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കണക്കെടുക്കുമ്പോൾ വെള്ളാങ്ങല്ലൂർ പഞ്ചായത്തിനു കീഴിൽ വാണിജ്യാവശ്യാടിസ്ഥാനത്തിൽ 2278 കെട്ടിടങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാസ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഡി&ഒ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ എല്ലാസ്ഥപനങ്ങളും ആയത് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാദ്ധ്യസ്ഥരായ എല്ലാവരും തൊഴിൽ നികുതി അടവാക്കിയോ എന്നും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും അതനുസരിച്ച് ഡി ആന്റ് ഒ ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് ഏതു വാണിജ്യാവശ്യത്തിനെന്നു കൃത്യമായി രേഖപ്പെടുത്തുന്നില്ല. ക്രമനം ആവർത്തിച്ചു വ്യത്യസ്ത അപേക്ഷകൾക്കു നൽകിയിട്ടുണ്ട്. അപേക്ഷകൾ

ചിലതു കാണാതായ സ്ഥിതിയിലാണ്.(ക്രമ നം.581/15,599/16,600/16.) അപേക്ഷകളിൽ ചിലതു അപൂർണ്ണമാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് ഫീ കുറവ് ഈടാക്കി

ജോസ് കെ.എൽ., കുളിയാടൻ വീട്, ഇരിങ്ങാലക്കുട (XX1/981,) എന്ന വ്യക്തി ജോസ് എന്റർപ്രൈസസ് ഫ്യൂവൽ ഡിവിഷൻ (എസ്സാർ ഡീലർ) എന്ന പേരിൽ പെട്രോൾ പമ്പ് നടത്തുന്നതിനായി 20.9.2013ന പഞ്ചായത്തിന സമർപ്പിച്ച ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ (403/14-15) ഒരു ദിവസത്തെ വിറ്റു വരവ് 90000/- രൂപയായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ടിയാനിൽ നിന്നു ലൈസൻസ് ഫീ ആയി 2000/-രൂപയ്ക്ക് പകരം 1000/- രൂപയാണ് ഇതു വരെ ഈടാക്കി വരുന്നത്. ടിയാന്റെ 21.1.15 ന്റെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ 17.4.2013ന് സ്ഥാപനം ആരംഭിച്ചതായി എഴുതിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ 1000/-(11504100163/10.4.15) രൂപ മാത്രമെ ഈടാക്കിയതായി കാണുന്നുള്ളൂ. ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിച്ചിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 12 തീയതി 18.11.16)ക്കു പഞ്ചായത്ത് മറുപടി ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ ഫീയിൽ കുറവുള്ള തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

രാജൻ നന്ദനം, വെളയനാട് എന്ന വ്യക്തി കൃഷ്ണ ഫ്യൂവൽസ് എന്ന പേരിൽ 2013-2014 ഇതേ കെട്ടിടം ഉപയോഗിച്ചിരുന്നതായി ആഫീസ് കുറിപ്പിൽ (A3-2110-14)രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷ്ണ ഫ്യൂവൽസ്-ന്റെ പേരിൽ ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയിരിന്നോ എന്ന ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 12 തീയതി 18.11.16)ക്കും മറുപടി ഇതുവരെ ലഭ്യമാക്കിയിട്ടില്ല

## 2-5 തൊഴിൽ നികുതി ഈടാക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിച്ചു കാണുന്നില്ല

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 14.2.11ലെ സർക്കാർ ഉത്തരവ് (എം.എസ്) 36/11/ജന.എഡ്യൂക്കേഷൻ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം 01.01.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിനു പുറമെ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ, ന്യൂഡൽഹിയുടെ 29.07.2009 ലെ സർക്കുലർ നം 01/CBSE/ AFF/CIRCULARS/2009 അഫിലിയേഷൻ ബൈലോ റൂൾ 3.3(v) എന്നിവ പ്രകാരം സി.ബി.എസ്.സി സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവീസിൽ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ വെള്ളാങ്ങല്ലൂർ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഉമ്മരിയ്യ പബ്ലിക് സ്കൂൾ വള്ളിവട്ടം, ജെ ആന്റ് ജെ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കരൂപ്പടന്ന എന്നീ സ്ഥാപനങ്ങളിലെ എംപ്ലോയീസ് തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചപ്പോൾ മേൽ നിഷ്കർഷകൾ പാലിച്ചതായി കാണുന്നില്ല. ആയതിനാൽ തൊഴിൽനികുതി ഇനത്തിൽ പഞ്ചായത്തിന് സാരമായ നഷ്ടം വന്നിട്ടുണ്ട്. ആയതിനാൽ മേൽ സർക്കാർ നിർദേശം അനുസരിച്ചുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ലേലം,വാടക -അപാകതകൾ

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ മത്സ്യകാപ്പ് ലേലം വഴി 5 ലക്ഷത്തിലേറെ പഞ്ചായത്തിനു വരുമാനം ലഭിക്കുന്നുണ്ട്. ലേലത്തിനു ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോ പ്രകാരം ലേലം നടത്തേണ്ടതാണ്

കമ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കമ്മിറ്റി തീരുമാന പ്രകാരമുള്ള വാടകയാണ് ഈടാക്കുന്നത്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസാധാരണ ചെലവ് രജിസ്ററർ എഴുതി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് അസാധാരണ ചെലവ് ഇനത്തിൽ ചെലവ് ഉണ്ടെങ്കിലും രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ജനറേറ്റർ ലോഗ് ബുക്ക് -കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് വക ജനറേറ്റർ 2014-15&2015-16 ലെ പദ്ധതികൾ പ്രകാരം വാങ്ങിയിട്ടുള്ളതാണ്. പ്രസ്തുത ജനറേറ്ററിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഫ്യുവൽ എഫിഷ്യൻസി രേഖപ്പെടുത്തിയിട്ടില്ല.

2.10/15നു ശേഷം ഡീസൽ അടിച്ചതിന്റെ വിശദാംശം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.ഉപയോഗിച്ചതിന്റെ വിശദാംശം ഇല്ല.

3.ലോഗ് ബുക്ക് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 ക്ഷേത്രത്തിന് ഭൂമി-കൈമാറാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനം- ചട്ടങ്ങൾക്ക് വിരുദ്ധം.

23.3.15ലെ 23-ാം തീരുമാന പ്രകാരം പഞ്ചായത്ത് വക ഐഎച്ച്ഡിപി കോളനിയുടെ ഭാഗമായ 5 സെന്റ് സ്ഥലത്ത് ഒരു ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം ക്ഷേത്ര ഭരണ സമിതിയുടെ പേരിൽ പതിച്ച നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്

(വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും)ചട്ടങ്ങൾ പ്രകാരം (ചട്ടം 12) സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും ഭൂമി പഞ്ചായത്തുകൾ വിൽക്കുവാനോ, കൈമാറ്റം ചെയ്യുവാനോ, അന്യാധീനപ്പെടുത്തുവാനോ, അല്ലെങ്കിൽ അതിന്മേൽ ബാധ്യത വരുത്തി വക്കുവാനോ പാടില്ല. ഇത് സംബന്ധിച്ച തുടർ വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(എൻക്വയറി നമ്പർ-18/19.11.16) തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതിന് തീരുമാനം -നടപ്പിലാക്കിയിട്ടില്ല.

കമ്മ്യൂണിറ്റി ഹാൾ നിലവിൽ പഞ്ചായത്ത് ഓഫീസായി ഉപയോഗപ്പെടുത്തുന്നതിനാൽ കമ്മ്യൂണിറ്റി ഹാളിൽ ഉപയോഗിച്ചിരുന്ന ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്താതെ ഇട്ടിരിക്കുന്നതായി 2014-15 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 22.7.15ലെ തീരുമാന പ്രകാരം ബയോഗ്യാസ് പ്ലാന്റ് തൊട്ടടുത്ത വീട്ടുകാർക്ക് ഉപയോഗിക്കുവാൻ നൽകുവാൻ തീരുമാനമെടുത്തു. എന്നാൽ നിലവിലും പ്ലാന്റ് ഉപയോഗിക്കാതെ തുടരുകയാണ്. പ്ലാന്റ് ഉപയോഗശൂന്യമാകാതിരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പ്രിന്റർ വാങ്ങൽ ഐകെഎം സ്പെസിഫിക്കേഷനിലുള്ള ഗ്യാരണ്ടി ഉറപ്പ് വരുത്തിയിട്ടില്ല.

പദ്ധതി നമ്പർ-75/16

അടങ്കൽ-200000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

മേൽ പദ്ധതി പ്രകാരം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിൽ 2 പ്രിന്ററും വാങ്ങിയിട്ടുണ്ട്. എ ഡോട്ട് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഇവ വാങ്ങിയിട്ടുള്ളത്. കാനൻ ലേസർ പ്രിന്ററിന് 1 വർഷവും എപ്സോൺ എൽക്യൂ എന്ന പ്രിന്ററിന് 2 വർഷവും മാത്രമാണ് ഗ്യാരണ്ടി നൽകിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യത്തിലും ഗ്യാരണ്ടിയുടെ വിശദാംശം സൂചിപ്പിച്ചിട്ടില്ല. സ.ഉ.(സാധാ) നം. 1838/2012/ തസ്വഭവ തി. 03.07.12 പ്രകാരം കമ്പ്യൂട്ടറിന് 5 വർഷം, പ്രിന്ററിന് 3 വർഷം, സ്കാനറിന് 3 വർഷം, യു.പി.എസിന് 3 വർഷം എന്നിങ്ങനെയുള്ള വാറന്റിയോടുകൂടിയ (ഐ.കെ.എം സ്പെസിഫിക്കേഷൻ) കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങേണ്ടത്. മേൽ സ്ഥാപനത്തിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരമുള്ള വാറന്റി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 അംഗൻവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ- പഞ്ചായത്തിന് നഷ്ടം.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ SO 154/16 പദ്ധതി പ്രകാരം വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ 33 അംഗൻവാടികൾക്ക് സ്റ്റീൽ റാക്കുകൾ, കളി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2,97,000/-രൂപ വകയിരുത്തിയതിൽ 1,76,550/- രൂപ ചെലവഴിച്ചിട്ടുണ്ട്. 14.7.15ന്

ടെണ്ടർ ക്ഷണിച്ചതനുസരിച്ച് 29.7.15ന് ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ച് 15.9.15ലെ കമ്മിറ്റി 9-ാം നമ്പർ തീരുമാന പ്രകാരം മെട്രോ ഏജൻസീസ് കുന്നംകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 18.12.15 ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം സപ്ലൈ ചെയ്യാമെന്നേറ്റതിൽ സ്റ്റീൽ റാക്കുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളുവെന്നും മറ്റുള്ളവ വിതരണം ചെയ്യാൻ ഇവർ തയ്യാറല്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിനെ തുടർന്ന് അടുത്ത ക്വട്ടേഷണറായ വീകോ ട്രേഡേഴ്സ് അരിമ്പൂരിൽ നിന്നും കളി ഉപകരണങ്ങൾ വാങ്ങുന്നതിന് 1.3.16 ലെ 12-ാം നമ്പർ തീരുമാന പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർ വൈസറെ പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തുകയും കളി ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ ടി സ്ഥാപനത്തിന് ഡി.ഡി. നമ്പർ 719169 തിയതി 31.3.16 പ്രകാരം1,76,550/- രൂപ നൽകുകയും ചെയ്തു.

ലഭിച്ച ക്വട്ടേഷനുകളിൽ മേൽ രണ്ടു സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | മെട്രോ ഏജൻസീസ് | വീകോ ട്രേഡേഴ്സ് |
|---|---|---|
| സ്റ്റീൽ റാക്ക് (72x36x12 20ഗേജ്) | 2700 | 1999 |
| ട്രൈസൈക്കിൾ (ഡ്രാഷ് മോഡൽ) | 970 | 1100 |
| റോക്കിംഗ്ഹോഴ്സ് (ഫൈബർ) | 2600 | 2900 |
| സീസോ (ഇൻഡോർ) | 900 | 1350 |

33 അംഗൻവാടികൾക്കായി മെട്രോ ഏജൻസീസ് രേഖപ്പെടുത്തിയ നിരക്കു പ്രകാരം കളി ഉപകരണങ്ങൾ ലഭ്യമാക്കിയിരുന്നുവെങ്കിൽ 1,47,510/- രൂപയേ ചെലവു വരുമായിരുന്നുള്ളു. എന്നാൽ ഈ ഉപകരണങ്ങൾ വീകോ ട്രേഡേഴ്സിൽ നിന്നും വാങ്ങേണ്ടി വന്നതിനാൽ (1,76,550/- രൂപ) 29,040/- രൂപ അധികം ചെലവഴിക്കേണ്ടി വന്നു. എല്ലാ ഇനങ്ങളും വിതരണം ചെയ്യുന്നതിന് ഒരേ സ്ഥാപനത്തെ ഏൽപ്പിക്കുന്നതിനു പകരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇനങ്ങൾ വിതരണം ചെയ്യുന്നതിന് അതാത് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ റാക്ക് വിതരണം ചെയ്ത ഇനത്തിൽ നൽകേണ്ടി വരുന്ന തുകയിൽ 23,133/- രൂപ ലാഭിക്കുന്നതിനും, കളി ഉപകരണങ്ങൾക്ക് 29,040/- രൂപ അധികം നൽകാനും ഇടയായ സാഹചര്യം ഒഴിവാക്കാനും കഴിയുമായിരുന്നു. മെട്രോ ഏജൻസീസിനു തുക നൽകുന്ന സമയത്ത് പഞ്ചായത്തിന് അധികം ചെലവായ 52173/- രൂപ മെട്രോ ഏജൻസിയിൽ നിന്നും ഈടാക്കേണ്ടതും അല്ലാത്തപക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പദ്ധതി നിർവ്വഹണം നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കൂടി കാണുന്നു.

1. സ്റ്റീൽ റാക്കുകൾ വിതരണം ചെയ്ത മെട്രോ ഏജൻസീസുമായി കരാർ ഉണ്ടാക്കിയിട്ടില്ല.

2.ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ലീൻ മാർക്ക് ചെയ്തു നൽകിയ സ്ഥിര നിക്ഷേപ രസീതുകൾ പണമാക്കി തനതു ഫണ്ടിൽ അടവാക്കിയിട്ടില്ല. (സ്ഥാപനങ്ങൾ നൽകിയ സ്ഥിര നിക്ഷേപം ഡിഫക്റ്റ് ലയബിലിറ്റി പിരീഡിനു ശേഷം പലിശ രഹിതമായി തിരികെ നൽകുന്നതിനാണ് കരാറിൽ വ്യവസ്ഥചെയ്യേണ്ടത്.) ഇങ്ങനെ ചെയ്യാതിരുന്നതു മൂലം പലിശയിനത്തിൽ ലഭിക്കുമായിരുന്ന തുക പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

3.വീകോ ട്രേഡേഴ്സ് ഹാജരാക്കിയ സാമ്പിളുകളുടെ നിലവാരം സംബന്ധിച്ച് കമ്മിറ്റി യാതൊരു വിധ പരിശോധനയും നടത്തിയതായി കാണുന്നില്ല.

4.പർച്ചേയ്സ് ഓർഡർ നൽകിയ മെട്രോ ഏജൻസീസ് കളി ഉപകരണങ്ങൾ വിതരണം ചെയ്യാതിരുന്നിട്ടും ഇവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല. (മെട്രോ ഏജൻസീസിനു ലാഭകരമായ ഇനം മാത്രമേ ഇവർ വിതരണം ചെയ്തിട്ടുള്ളൂ.)

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 3. തിയതി 14.11.2016)

## 3-7 മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ SO 36/16 പ്രകാരം 8,00,000/-രൂപ വകയിരുത്തിയിരുന്നു. ഇതിൽ ജില്ലാപഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിയിരുന്ന 2,00,000/- രൂപ 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കാത്തതു മൂലം ടി തുക ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടില്ല. പദ്ധതിയുടെ ഗുണഭോക്താക്കൾ മുൻഗണനാ വിഭാഗത്തിലുൾപ്പെടുന്നവരാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)362/13.ത.സ്വ.ഭ.വ.തിയതി. 16.11.13ഖണ്ഡിക 8(iv) പ്രകാരം ടി പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് ഈ നിർദ്ദേശം പാലിക്കാതിരുന്നതു മൂലമാണോ /ജില്ലാ പഞ്ചായത്തിൽ നിന്നും സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതു മൂലമാണോ തുക ലഭിക്കാതെ പോയത് എന്ന് പരിശോധിക്കേണ്ടതാണ്. പദ്ധതിക്ക് വകയിരുത്തിയ തുക ലഭിക്കാതിരുന്നത് ന്യായീകരിക്കാവുന്നതല്ല. തുക ലഭിക്കാതിരിക്കാനിടയായ കാരണങ്ങൾ പരിശോധിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

## 3-8 പദ്ധതി മാർഗ്ഗരേഖാ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത്. അധികം നൽകിയ തുക ഈടാക്കണം.

സമഗ്ര നെൽകൃഷി വികസന പദ്ധതി SO 129/16 പ്രകാരം വകയിരുത്തിയ 6,79,000/- രൂപയിൽ പ്ലാൻ ഫണ്ടിൽ നിന്നും 5,00,000/- രൂപയും ബാക്കി ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വിവിധ ഗുണഭോക്താക്കൾക്ക് ബാങ്ക് വഴി സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. 12ാം പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(എം.എസ്)362/2013ത.സ്വ.ഭ.വ. തിയതി 16.11.13 പ്രകാരം 2 ഹെക്ടറിൽ താഴെ ഭൂമി ഉള്ള ചെറുകിട, നാമമാത്ര കർഷകർക്കുമാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തുക നൽകിയിട്ടുണ്ട്. ശ്രീ. പാപ്പച്ചൻ, മെഴ്സി പാപ്പച്ചൻ, കൈതാരത്ത് വീട്, വെള്ളാങ്കല്ലൂർ എന്നിവർക്ക് യഥാക്രമം 447, 500 സെന്റ് ഭൂമി വീതം ഉള്ളതായി വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം കാണുന്നു. ഇവർക്ക് സബ്സിഡി ഇനത്തിൽ 25,382/-രൂപബാങ്ക് ഓഫ് ഇൻഡ്യ ചാലക്കുടി ശാഖ ജോയിന്റ് അക്കൗണ്ട് നമ്പർ 859710110003394ന് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ നാമമാത്ര, ചെറുകിട കർഷകരുടെ വിഭാഗത്തിൽ പെടുന്നവരല്ല. ഇത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച റവന്യൂ രേഖകൾ പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-9 പാടശേഖര സമിതികൾക്ക്, സബ്സിഡി, പ്രോഡക്ഷൻ ബോണസ് എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

1. സമഗ്ര നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി വളം വിതരണ സബ്സിഡിയായി 10 പാട ശേഖര സമിതികൾക്ക് 33,341/- രൂപ നൽകിയതായി വെള്ളാങ്കല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം കാണുന്നു. എന്നാൽ ടി പാടശേഖരങ്ങൾ വാങ്ങിയതായി രേഖപ്പെടുത്തിയ വളത്തിന്റെ 25% തുക മാത്രമേ സബ്സിഡിയായി അനുവദിച്ചിട്ടുള്ളൂ. പാടശേഖര സമിതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ പേര്, കൈവശഭൂമിയുടെ അളവ്, നൽകിയ തുക വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 33,341/- രൂപ തടസ്സപ്പെടുത്തുന്നു.

2.വെള്ളാഞ്ചിറ പാടശേഖര സമിതി, കണ്ണോളിച്ചിറ പാടശേഖര സമിതി എന്നീ സമിതികൾക്ക് യഥാക്രമം 1,976/-രൂപ, 23,992/-രൂപ എന്നിങ്ങനെ ആകെ 25,968/- രൂപ ബിൽ നമ്പർ 2/2015-16 തിയതി 19.3.16 പ്രകാരം പ്രൊഡക്ഷൻ ബോണസ് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന് പാടശേഖരസമിതി കൃഷി ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അംഗങ്ങളായ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 25,968/-തടസ്സപ്പെടുത്തുന്നു.

## 3-10 വളം വിതരണം-പൊതു അപാകതകൾ

സമഗ്ര പുരയിട കൃഷിയുടെ ഭാഗമായി 11.9.15ന് ടെണ്ടർ ക്ഷണിച്ചതു പ്രകാരം ലഭിച്ച 5 ടെണ്ടറുകൾ 3.10.15 തുറന്നു പരിശോധിച്ചതായി കണ്ടു. ഇതിൽ പി.വി. ഓർഗാനിക്സ് എന്ന സ്ഥാപനം കപ്പലണ്ടി പിണ്ണാക്ക് (ആന്ധ്ര) എന്ന ഇനത്തിന് 35.25 രൂപയും കപ്പലണ്ടി പിണ്ണാക്ക് (ഈറോഡ്) ഇനത്തിന് 40.89 രൂപയും രേഖപ്പെടുത്തിയിരുന്നു. അതേസമയം കെയ്കോ അരിമ്പൂർ എന്ന സ്ഥാപനം കപ്പലണ്ടി പിണ്ണാക്ക് 38.7 രൂപ നിരക്ക് രേഖപ്പെടുത്തിയിരുന്നു. ടെണ്ടറുകൾ പരിശോധിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി വിലയും ഗുണനിലവാരവും പരിശോധിച്ചതിനാൽ 40.89 രൂപ രേഖപ്പെടുത്തിയ പി.വി. ഓർഗാനിക്സിന്റെ കപ്പലണ്ടി പിണ്ണാക്ക് ശുപാർശചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടറിനോടൊപ്പം സ്ഥാപനം സമർപ്പിച്ച ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണോ ഗുണനിലവാരം സംബന്ധിച്ച പരിശോധന നടത്തിയത് എന്നു വ്യക്തമല്ല. കുറഞ്ഞ നിരക്കിൽ ലഭ്യമാകുമായിരുന്ന കപ്പലണ്ടി പിണ്ണാക്കിന്റെ നിലവാര പരിശോധന നടത്താതെ സ്ഥാപനം ലഭ്യമാക്കിയ ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടിയ നിരക്കിൽ ഉള്ള കപ്പലണ്ടി പിണ്ണാക്ക് വാങ്ങാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ജൈവവളം വിതരണം ചെയ്ത സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. വിതരണം ചെയ്ത ഫീൽഡ് സാമ്പിളുകൾ നിശ്ചിത നിലവാരം ഉള്ളവയാണോ എന്നതു സംബന്ധിച്ച സാങ്കേതിക പരിശോധനകൾ ഒന്നും തന്നെ നടത്തിയിട്ടില്ല. ആകെ 824 ഗുണഭോക്താക്കൾക്ക് വളം വിതരണം ചെയ്തതായി പത്രികയിൽ കാണുന്നു. മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

സമഗ്ര പുരയിടകൃഷി, സമഗ്ര നെൽകൃഷി വികസനം എന്നീ പ്രോജക്ടുകളിൽ വിവിധ കർഷകർക്ക് കപ്പലണ്ടി പിണ്ണാക്ക് വിതരണം ചെയ്തതിന് തുക നൽകിയിട്ടുണ്ടെങ്കിലും അനുവദിച്ച പെർമിറ്റുകൾ ഓഡിറ്റ് പരിശോധനയ്ക്ക് സാധ്യമായ രീതിയിൽ ക്രമീകരിച്ചിട്ടില്ല. ആയതിനാൽ താഴെ കാണുന്ന രീതിയിൽ വിവരങ്ങൾ തയ്യാറാക്കി രേഖകൾ പരിശോധയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനമ്പർ | പെർമിറ്റ് നമ്പർ | കൈവശഭൂമിയുടെ വിവരം വിസ്തീർണം/സർവ്വെ നമ്പർ | നൽകിയ വളത്തിന്റെ അളവ് | ആകെതുക | സബ്സിഡി ബാങ്കിന് നൽകിയത്. |
|---|---|---|---|---|---|---|

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 4, തിയതി.14.11.16)

## 3-11 പർച്ചേയ്സ് ബിൽ ഹാജരാക്കിയിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

സമഗ്ര പുരയിട കൃഷിപദ്ധതി SO 132/16 പ്രകാരം ആകെ 13,00,135/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിനടത്തിപ്പിനായി മുള്ളാത്ത, ലക്ഷ്മിതരു തുടങ്ങിയ സസ്യങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, സ്റ്റേറ്റ് സീഡ് ഫാം നവരമ്പ് എന്നിവയിൽ നിന്നും വാങ്ങിയിട്ടുണ്ട്. സസ്യങ്ങൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇതിൽ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും സസ്യങ്ങൾ വാങ്ങിയതിന് 36,563/- രൂപ ചെലവഴിച്ചിട്ടുണ്ട് എന്നാൽ പർച്ചേയ്സ് ബിൽ/രസീറ്റ്, തുക നൽകിയതിന്റെ വിവരങ്ങൾ (ഡിഡി.നമ്പർ/തിയതി) എന്നിവ ലഭ്യമല്ല. യഥാർത്ഥ ചെലവു രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. സസ്യങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-12 ബയോഗ്യാസ് പ്ലാന്റ് -ചെലവു രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി (സ്പിൽ ഓവർ) SO 92/16പ്രകാരം വകയിരുത്തിയ 5,24,500/- രൂപയിൽ 2,97,975/- രൂപ തൻ വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ടി തുക സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് കൈമാറിയതായി കണ്ടു. പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരം, കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം, ഗുണഭോക്താക്കളുടെ അർഹതാ സർട്ടിഫിക്കറ്റുകൾ, അനുബന്ധ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച ഗുണഭോക്താക്കളുടെ സ്ഥല പരിശോധന നടത്തിയതിൽ നിന്നും മിക്ക പ്ലാന്റുകളും പ്രവർത്തന ക്ഷമമല്ലായെന്നു കണ്ടു. പ്ലാന്റുകൾക്ക് കപ്പാസിറ്റി, ഇന്ധന ക്ഷമത എന്നിവ കുറവായതിനാൽ ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്ന് ഗുണഭോക്താക്കൾ അഭിപ്രായപ്പെടുകയുണ്ടായി.

## 3-13 അംഗൻ വാടികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ ഉള്ള 33 അംഗൻ വാടികളിൽ 2 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ഇതിൽ അംഗൻ വാടി നമ്പർ 105,107 എന്നിവ മതിയായ സൗകര്യങ്ങൾ

ഇല്ലാത്തതും തൊഴുത്തുകൾ രൂപമാറ്റം വരുത്തി അംഗൻവാടികളായി ഉപയോഗിക്കുകയും ചെയ്യതായാണ് ഭൗതിക പരിശോധനയിൽ കണ്ടത്. ഇതിൽ 105-ാം നമ്പർ അംഗൻ വാടിക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ, കുടിവെള്ളം, എന്നിവ ലഭ്യമാകാത്തതിനാൽ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിന് സാധിച്ചിട്ടില്ല. 107-ാം നമ്പർ അംഗൻ വാടിക്ക് മതിയായ സൗകര്യങ്ങളോടു കൂടിയ കെട്ടിടം ഇനിയും നിർമ്മിക്കേണ്ടതുണ്ട്. അംഗൻ വാടി നമ്പർ 57-ന്റെ കെട്ടിടം അപകടാവസ്ഥയിലായതിനെ തുടർന്ന് സമീപത്തുള്ള പ്രാഥിമികാരോഗ്യ കേന്ദ്രത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഭൗതിക പരിശോധന നടത്തിയ മറ്റു അംഗൻ വാടികളിൽ പലതിനും ചുറ്റുമതിൽ, സ്വന്തമായി കുടവെള്ള കണക്ഷൻ, വൈദ്യുതി കണക്ഷൻ, കോണി, ഗതാഗത യോഗ്യമായ വഴി എന്നിവ ആവശ്യമുള്ളതായി കണ്ടു. ആയതിനാൽ ഇക്കാര്യങ്ങൾ പരിശോധിച്ച് മുൻഗണനാടിസ്ഥാനത്തിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വരും വർഷങ്ങളിൽ രൂപീകരിക്കുന്ന പദ്ധതികളിൽ ആവശ്യമായ വകയിരുത്തലുകൾ നടത്തണം. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## 3-14 തുടർ സാക്ഷരത പഠിതാക്കളുടെ ഫീസ് നൽകൽ - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല – ചെലവ് തടസപ്പെടുത്തുന്നു-15,000/- രൂപ.(പദ്ധതി നം 33/2015-16)

2015-16 വർഷത്തിൽ ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., കരുമാത്ര നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഭാഗമായി ബിൽ നം. 6/2015-16 പ്രകാരം 15,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചെലവിന്റെ യാതൊരു രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 15,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു .

## 3-15 സ്കൂൾ കുട്ടികളുടേയും അംഗനവാടി കുട്ടികളുടേയും അഭിരുചി പരിപോഷണം- രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തടസപ്പെടുത്തുന്നു-75,000/- രൂപ.(പദ്ധതി നം 127/2015-16)

2015-16 വർഷത്തിൽ ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., കരുമാത്ര നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഭാഗമായി ബിൽ നം. 7/2015-16 പ്രകാരം75,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചെലവിന്റെ യാതൊരു രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 75,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ഗുണഭോക്താക്കൾക്കായി രൂപീകരിച്ച വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. നടപ്പാക്കിയ പദ്ധതികളുടെ ഒട്ടുമിക്ക രേഖകളും ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണങ്ങളോട് പ്രതികരിക്കുകയോ ചെയ്തിട്ടില്ല.

## 3-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തടസപ്പെടുത്തുന്നു-1,50,000/- രൂപ.(പദ്ധതി നം 60/2015-16)

2015-16 വർഷത്തിൽ ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്., കാരുമാത്ര നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഭാഗമായി ബിൽ നം. 1/2015-16 പ്രകാരം 1,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചെലവിന്റെ താഴെപ്പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 1,50,000/-രൂപ തടസ്സത്തിൽ വെക്കുന്നു .

1. പദ്ധതിയുടെ വിശദാംശങ്ങളൊന്നും ഹാജരാക്കിയ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല

2. ടെണ്ടർ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.മെട്രോ ഏജൻസീസ് കുന്ദംകുളം എന്ന സ്ഥാപനത്തിൽ നിന്നാണ് ഹീറോ ജെന്റ്സ് സൈക്കിളിന് 3900 രൂപ നിരക്കിൽ 21 എണ്ണവും ലേഡീസ് സൈക്കിളിന് 3999 രൂപ നിരക്കിൽ 17 എണ്ണവും വാങ്ങിയ വകയിൽ 1,49,883/-രൂപ നൽകുന്നതിന് പകരം 1,50,000/- രൂപ നൽകിയതായി കണ്ടു.അധികം നൽകിയത് 117 /-രൂപ.

4.EMD, SD എന്നിവ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല.

6. ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

7.ഗുണഭോക്താക്കൾ സൈക്കിൾ കൈപ്പറ്റിയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

8. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9.പദ്ധതി മോണിറ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിലെ A1-7143/2016 നമ്പർ ഫയൽ പ്രകാരം ഇനിയും വിതരണം ചെയ്യാത്ത 4 സൈക്കിളുകൾ ബാക്കിയുള്ളതായി കാണുന്നു. ഈ വിഷയത്തിൽ ഉചിതമായ അടിയന്തിര നടപടികൾ കൈകൊള്ളേണ്ടതുമാണ്.

## 3-17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം- രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തടസപ്പെടുത്തുന്നു. 4,00,000/- രൂപ.(പദ്ധതി നം 126/2015-16)

2015-16 വർഷത്തിൽ ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്., കാരുമാത്ര നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഭാഗമായി ബിൽ നം. 2/2015-16 പ്രകാരം 4,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചെലവിന്റെ താഴെപ്പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

1. പദ്ധതിയുടെ വിശദാംശങ്ങളൊന്നും ഹാജരാക്കിയ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല

2.TWCCS തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. എന്നാൽ എത്ര പേർക്ക് വിതരണം ചെയ്തുവെന്നോ എത്ര ഫർണിച്ചർ വാങ്ങിയിട്ടുള്ളത് എന്നതിനോ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

3. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല.

4. ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

5.ഗുണഭോക്താക്കൾഫർണിച്ചർ കൈപ്പറ്റിയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

6. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7.പദ്ധതി മോണിറ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഈ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 4,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു. പഞ്ചായത്തിലെ A1-7143/2016 നംമ്പർ ഫയൽ പ്രകാരം ഇനിയും വിതരണം ചെയ്യാത്ത ഫർണിച്ചർ ബാക്കിയുള്ളതായി കാണുന്നു. ഈ വിഷയത്തിൽ ഉചിതമായ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-18 എസ്.എസ്.എയ്ക്ക് അധികമായി നൽകിയ 1,78,542/-രൂപ തുടർ വർഷങ്ങളിൽ ക്രമീകരിക്കണം.

2015-16 വർഷത്തിൽ എസ്.എസ്.എ വിഹിതം നൽകൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.3/2015-16 പ്രകാരം 1,17,670/- രൂപയും ബിൽ നം. 4/2015-16 പ്രകാരം 5,54,663/- യും അടക്കം 2015-16 വർഷത്തേക്ക് 6,72,333/- രൂപ നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്.

1. G.O.(m.s) 362/2013 ത.സ്വ.ഭ.വ തിയ്യതി 16-11-2013 പ്രകാരം സർക്കാർ നിശ്ചയിക്കുന്നത് പ്രകാരമുള്ള തുക ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ പ്രോജക്ടിനുവേണ്ടി വകയിരുത്തേണ്ടതുണ്ട്. എസ്.എസ്.എ യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടേയും പങ്കാളിത്തത്തോടെയാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും പദ്ധതിയുടെ ഉദ്ദേശം, ലക്ഷ്യങ്ങൾ, പ്രവർത്തന രീതി, പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ട കാര്യങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. അംഗീകാരത്തിനും നടത്തിപ്പിനുമായി തയ്യാറാക്കുന്ന പദ്ധതി രേഖയിൽ അനിവാര്യമായ കാര്യങ്ങൾ ഒഴിവാക്കുന്ന രീതി ശരിയല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

2. 16-11-2013 ലെ ഉത്തരവ് പ്രകാരം ആകെ ചെലവിന്റെ 35% തുകയാണ് ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഹിതമായി എസ്.എസ്.എ.ക്ക് കൈമാറേണ്ടത്. എസ്എസ്എയുടെ ജില്ല പ്രോജക്ട് ഓഫീസർ 27-5-2016 ൽ സമർപ്പിച്ച ഉപയോഗ സാക്ഷ്യപത്ര പ്രകാരം 14,10,831/- രൂപയാണ് 2015-16ലെ ആകെ ചെലവ്. ഈ ചെലവിന്റെ 35% തുകയായ 4,93,791/- രൂപക്ക് മാത്രമെ എസ്.എസ്.എക്ക് യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്നതിന് അർഹതയുള്ളൂ. ഈയിനത്തിൽ അധികമായി 1,78,542/-രൂപ നല്കിയിട്ടുണ്ട്. ടി തുക അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽനിന്ന് കുറവ് വരുത്തേണ്ടതാണ്.

# 3-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -അപാകതകൾ

2015-16 ലെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നം. 1/2015-16 പ്രകാരം 1,50,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിന് 28-9-2015ൽ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു. ഇതുമായി ബന്ധപ്പെട്ട ശരിയായ വിശദീകരണം നൽകേണ്ടതാണ് .

1. മരുന്നിനായി ഓർഡർ ഫോം നൽകുന്നതിന് മുൻപായി സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ ഇങ്ങനെ ഒരു കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. 28-9-2015ൽ മരുന്നിന് പൈസ നൽകിയെങ്കിലും 2016 നവംബർ മാസത്തിലും കമ്പനി മരുന്ന് സപ്ലൈ ചെയ്തിട്ടില്ല.

3. പഞ്ചായത്തു പരിധിയിലെ പൊതു ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ മരുന്നുകൾ സാമ്പത്തിക വർഷത്തിൽ തന്നെ ലഭിക്കുന്നതിനായാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത് എന്നാൽ സമയബന്ധിതമായി കമ്പനി മരുന്ന് സപ്ലൈ ചെയ്യാതിരുന്നത് വഴി പദ്ധതിയുടെ ലക്ഷ്യം തന്നെ പരാജയപ്പെടുകയാണ് ചെയ്തിരിക്കുന്നത്.

   നാളിതുവരെ മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-20 വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റ് രസീത് ഇല്ല .ചെലവ് തുക (13,38,477/- രൂപ)തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡിഡി നമ്പർ/തുക | കൈപ്പറ്റിയ ആളുടെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 090/16<br>സ്ട്രീറ്റമെയിൻ വലിക്കൽ | അസി.സെക്രട്ടറി | 719303/31.3.16/ 210030/- | അസി.എൻജിനീയർ, കെഎസ്ഇബി ഇലക്ട്രിക്കൽ ഡിവിഷൻ, വെള്ളാംകല്ലൂർ | കരാർ വച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 2 | 66/16<br>ഐഎവൈ വിഹിതം നൽകൽ | ,, | 715331/29.12.15/ 400000/- | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, വെള്ളാംകല്ലൂർ , | വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് ഇല്ല |
| 3 | 176/16<br>ഐകെഎം വിഹിതം നൽകൽ | സെക്രട്ടറി | 719511/5.4.16/ 63447/-രൂ | എക്സി.ഡയറക്ടർ, ഐകെഎം | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | 166/16സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ | ,, | 191034/31.3.16/ 40000/-രൂ | എക്സി.ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ | വിനിയോഗ സാക്ഷ്യപത്രം , കൈപ്പറ്റ് രസീത് ഇല്ല |
| 5 | 008/16 ജലനിധി വിഹിതം നൽകൽ | ,, | എ)616332/20.7.15/ 300000/-രൂപ<br>ബി)616333/20.7.15/ 325000/-രൂപ. | എസ്എൽഇസി കമ്മറ്റി | വിനിയോഗ സാക്ഷ്യപത്രം , കൈപ്പറ്റ് രസീത് ഇല്ല |
| | | ആകെ | 1338477/- | | |

## **3-21** പട്ടിക ജാതി കോളനികളിൽ എൽഇഡി ലൈറ്റ് സ്ഥാപിക്കൽ-വാങ്ങിയ മുഴുവൻ ലൈറ്റുകളും സ്ഥാപിച്ചിട്ടില്ല.- സ്ഥാപിച്ചവ കത്തുന്നില്ല.

പദ്ധതി നമ്പർ-184/16

അടങ്കൽ-900000/-

ബിൽ നമ്പർ-22/15-16/15.3.16

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

മേൽ പദ്ധതി പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും എൽഇഡി ലൈറ്റുകൾ വാങ്ങുകയും സ്ട്രീറ്റ് മെയിൻ വലിക്കൽ, സൂപ്പർവിഷൻ എന്നിവക്കായി തുക കെഎസ്ഇബിക്ക് കൈമാറുകയും ചെയ്തു. 24 വാട്ട് എൽഇഡി ലൈറ്റുകൾ 53 എണ്ണവും, 45 വാട്ട് എൽഇഡി ലൈറ്റുകൾ 45 എണ്ണവും വാങ്ങി (ഇൻവോയ്സ് നമ്പർ-STL-523/25.2.16-624020 /-രൂ)സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനത്തിന്റെ കത്ത് എന്നിവ പ്രകാരം 24 വാട്ട് എൽഇഡി ലൈറ്റുകൾ 14 എണ്ണവും 45 വാട്ട് എൽഇഡി ലൈറ്റുകൾ 32 എണ്ണവും സ്റ്റോക്കിൽ ബാക്കിയുള്ളത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. 24 വാട്ട് എൽഇഡി ലൈറ്റിന് ഒന്നിന് 4990/-രൂപയും 45 വാട്ട് എൽഇഡി ലൈറ്റിന് ഒന്നിന് 7990/-രൂപയും ആണ് വില. വലിയ തുക ചെലവഴിച്ച് വാങ്ങുകയും സൂപ്പർ വിഷൻ ചാർജ്ജ് അടവാക്കുകയും ചെയ്തിട്ടും ലൈറ്റുകൾ സമയബന്ധിതമായി ഫിറ്റ് ചെയ്യാതിരിക്കുന്നത് സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക

താല്പര്യത്തിന് നിരക്കുന്നതല്ല. മാത്രമല്ല വാറന്റി നഷ്ടപ്പെടുന്നതിനു ഇടയാക്കുന്നതാണ്. സ്ട്രീറ്റ് മെയിൻ വലിക്കൽ, സൂപ്പർവിഷൻ എന്നിവക്കായി കെഎസ്ഇബിക്ക് തുക കൈമാറിയിട്ടും കരാറിൽ ഏർപ്പെട്ടിട്ടുമില്ല. മാനേജർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലത്തിന് എഴുതിയ കത്തിൽ എൽഇഡി ലൈറ്റുകൾ പലതും പ്രവർത്തന ക്ഷമമല്ല എന്നും ആവശ്യമായ തുടർ നടപടി സ്വീകരിക്കുവാനും ആവശ്യപ്പെട്ടിരുന്നു. തുടർ നടപടി സ്വീകരിച്ചതായി ഫയലിൽ ഇല്ല.

## 3-22 എൽഇഡി ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ

പദ്ധതി നമ്പർ-120/16

അടങ്കൽ-645000/-

ഡിഡി നമ്പർ-719175/31.3.16-540000/-

ചെക്ക് നമ്പർ-401652/31.3.16-73920/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

എ)സ്ഥാപിച്ചവ കത്തുന്നില്ല.

മേൽ പദ്ധതി പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും 24 വാട്ട് എൽഇഡി ലൈറ്റുകൾ 83 എണ്ണവും,45 വാട്ട് എൽഇഡി ലൈറ്റുകൾ 25 എണ്ണവും വാങ്ങി (ഇൻവോയ്സ് നമ്പർ-STL-57/21.3.15 -540000-രൂ)സ്റ്റോക്കിൽ എടുത്തിട്ടുണ്ട്.സെക്രട്ടറി നമ്പർ-എ2-2044/16/ 2.2.16ൽ മാനേജർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലത്തിന് എഴുതിയ കത്തിൽ എൽഇഡി ലൈറ്റുകൾ പലതും കത്തുന്നില്ല എന്നും ആവശ്യമായ തുടർ നടപടി സ്വീകരിക്കുവാനും ആവശ്യപ്പെട്ടിരുന്നു.തുടർ നടപടി വിവരം ഫയലിൽ ലഭ്യമല്ല.

ബി)അഴിച്ചുമാറ്റിയ ലൈറ്റുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

എ2-2044/15/22.6.15 കത്ത് പ്രകാരം സെക്രട്ടറി എൽഇഡി സ്ഥാപിക്കുന്ന പിഡബ്ളിയു റോഡുകളിലെ വശങ്ങളിൽ നിലവിലുള്ള ലൈറ്റുകൾ അഴിച്ചുമാറ്റാൻ എ എംസി എടുത്ത കരാറുകാരനായ ശ്രീ.ജയൻ , പാലോക്കാട്ടിൽ എന്ന വ്യക്തിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അഴിച്ചുമാറ്റിയ ലൈറ്റുകൾ തിരികെ സ്റ്റോക്കിൽ ചേർത്തതായി കാണുന്നില്ല.

## 3-23 തെരുവ് വിളക്കുകൾ എഎംസി എടുത്ത കരാറുകാരിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് തെരുവ് വിളക്കുകൾ എഎംസി എടുത്ത കരാറുകാർക്ക് താഴെപറയും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും ആദായ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പണം കൈപ്പറ്റിയ വ്യക്തിയുടെ പേര് | ഡിഡി നമ്പർ | തുക |
|---|---|---|
| ജയൻ പാലേക്കാട്ടിൽ | 617530/25.8.15 | 20061/- |
| ,, | 401519/20.1.16 | 78039/- |
| അഷ്റഫ് വാഴക്കാമഠം | 000880/30.3.16 | 92525/- |

പ്രകാരം കരാറുകാരിൽ നിന്നും നിയമാനുസൃതം (ആദായ നികുതി നിയമം വകുപ്പ്194 സി)

ഈടാക്കേണ്ട 1% ആദായ നികുതി ഈടാക്കേണ്ടതാണ്.

## 3-24 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല.

പദ്ധതി നമ്പർ-106/16

അടങ്കൽ-500000/-

ഡിഡി നമ്പർ-712541/1.10.15-493542/രൂ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ക്രൂസിൽ നിന്നും ഇൻവോയ്സ് നമ്പർ-731/16.9.15 പ്രകാരം 40വാട്ട് ട്യൂബ് 189 എണ്ണം,2*11 വാട്ട് സിഎഫ് എൽ 105 എണ്ണം ,11 വാട്ട് സിഎഫ് എൽ 210 എണ്ണം എന്നിവ വാങ്ങി സ്റ്റോക്കിൽ എടുത്തിട്ടുണ്ട്.ഇൻസ്റ്റാലേഷൻ ചാർജ്ജ് 294എണ്ണത്തിന് 29400/-രൂ അടവാക്കിയിട്ടുണ്ട്.1.3.16 ലാണ് ക്രൂസിനോട് ഇവ ഇൻസ്റ്റാൾ ചെയ്യുവാൻ ആവശ്യപ്പെട്ട് കത്ത് നല്കിയിട്ടുള്ളത്.(എ2-5939/16).പിന്നീട് എ2-9223/16/22.9.16 പ്രകാരം കെ എസ് ഇബിയോട് ഇവ സ്ഥാപിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ അഭ്യർത്ഥിച്ച് കത്ത് നൽകി .എന്നാൽ സൂപ്പർവിഷൻ ചാർജ്ജ് അടച്ചതിന്റേയോ,ഇവ സ്ഥാപിച്ചതായുള്ള ഏതെങ്കിലും റിപ്പോർട്ടോ ഫയലിൽ ഇല്ല.16.9.15 ൽ വാങ്ങിയ ഇവ ഇൻസ്റ്റാൾ ചെയ്യുന്നത് 9/16 ലാണ്. 18 മാസമാണ് ക്രൂസ് ഇവക്ക് ഗ്യാരണ്ടി നൽകുന്നത് എന്നിരിക്കെ ഇത്രയും കാലതാമസം സ്ഥാപിക്കുവാൻ എടുക്കുന്നത് അവയുടെ ഗ്യാരണ്ടി കാലയളവിനെ ബാധിക്കുന്നതാണ്. അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-25 പട്ടിക ജാതി കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ-വാങ്ങി നൽകൽ-നിരാപേക്ഷ സാക്ഷ്യ പത്രം ഇല്ല -തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ-64/16

അടങ്കൽ-500000/-(എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പട്ടിക ജാതി കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ-വാങ്ങി നൽകൽ പദ്ധതി പ്രകാരം 4 പേർക്ക് ഓട്ടോ വാങ്ങുവാൻ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തികൾക്ക് മറ്റ് സ്രോതസ്സുകളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഡിഡിനമ്പർ | നൽകിയ തുക |
|---|---|---|---|
| 1 | ശശിധരൻ, കുവപ്പുഴ, | 719094/31.3.16 | 50000/- |

| | | | |
|---|---|---|---|
| | കോണത്തുകുന്ന് | | |
| 2 | ബാലു വിബി, വേലപ്പറമ്പിൽ,കാരുമാത്ര | 719095/31.3.16 | ,, |
| 3 | ജിജേഷ്.സി.എ, ചിങ്ങാരത്ത് | 719096/31.3.16 | ,, |
| 4 | സുബ്രമണ്യൻ.കെ.പി, കുന്നത്ത് | 719097/31.3.16 | ,, |
| | | ആകെ | 200000/-രൂ |

## 3-26 ഫിക്സഡ് ഡെപ്പോസിറ്റുകൾ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

വിവിധ പദ്ധതികൾക്കായി വ്യക്തികളും, സ്ഥാപനങ്ങളും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകിയ ഫിക്സഡ് ഡെപ്പോസിറ്റുകൾ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുകയുണ്ടായി. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | ഫിക്സഡ് ഡെപ്പോസിറ്റ് തുക |
|---|---|
| 164/16ഫോട്ടോകോപ്പിയർ വാങ്ങൽ | 3450/-രൂ<br><br>000815774/15.9.15 |
| 75/16 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 7300/-<br><br>67336079684/16.9.15 |
| 173/16 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 16000/-<br><br>07374792297/3.9.16 |
| 128/16 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ | 1250/രൂ |

## 3-27 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഇല്ല/കാലിത്തീറ്റ മുഴുവൻ കൈപ്പറ്റിയിട്ടില്ല.

പദ്ധതി നമ്പർ-030/16

ഡിഡി നമ്പർ -714345/22.12.15

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

2015-16ൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയുടെ തീറ്റ വിതരണം നടത്തുന്ന സൊസൈറ്റിയുടെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ തീറ്റ വിതരണം പൂർത്തീകരിച്ചിട്ടില്ല. തീറ്റ വിതരണം പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക (625000/-)തടസ്സത്തിൽ വക്കുന്നു.

തീറ്റ മുഴുവൻ കൈപ്പറ്റാതെ പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു. കൈപ്പറ്റാത്ത പദ്ധതി വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ.നമ്പർ | ഗുണഭോക്താവിന്റെ പേര്/മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1. | ഹമീദ് ,കുര്യപ്പിള്ളി | 1530/- |
| 2. | ഫെമിന സഹബാബ് | 2550/- |

# 3-28 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ

2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് രൂപീകരിച്ച 62 പദ്ധതികളിൽ നാളിതുവരെ 58 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 2,59,35,771/- രൂപ വകയിരുത്തിയതിൽ 31-3-2016 വരെ 2,20,96,255/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1.ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

ഫയലിൽ നിന്ന് എന്തെങ്കിലും രേഖകൾ നഷ്ടപ്പെട്ടാൽ /എടുത്തുമാറ്റിയാൽ അറിയാനോ/കണ്ടുപിടിക്കുവാനോ കഴിയാത്ത രീതിയിലാണ് നിലവിലുള്ള ഫയൽ സൂക്ഷിപ്പ് രീതി. ഇത് ശരിയായ നടപടിക്രമമല്ല. ഫയൽ പേജുകളിൽ ക്രമമായി നമ്പരിട്ട് സൂക്ഷിക്കുന്ന സംവിധാനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2.രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്ന പലരേഖകളിലും കൃത്യമായ വിവരങ്ങളും തിയതികളും രേഖപെടുത്തുന്നില്ല. കരാറുകാരുടെ KVATരജിസ്ട്രേഷൻ വിവരങ്ങൾ, മൂല്യവർദ്ധിത നികുതി (KVAT) കോമ്പൗണ്ട് ചെയ്ത സാക്ഷ്യപത്രം, പഞ്ചായത്ത് കമ്മിറ്റി പ്രവർത്തി അംഗീകരിച്ച തീരുമാനം, എത്ര നിരത ദ്രവ്യം (EMD) എത്ര സ്ഥിര നിക്ഷേപം (SD) അടവാക്കി എന്നി വിവരങ്ങളൊന്നും കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല. ടെണ്ടർ ലഭിച്ച കഴിഞ്ഞതിന് ശേഷം ടെണ്ടർ പ്രകാരമുള്ള നിരക്കുകളുടെ ടാബുലേഷൻ ഷീറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല.

3.പ്രവൃത്തികളുടെ തുടർ പ്രവർത്തനങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തുമായി കോൺട്രാക്ടർമാർ, ഗുണഭോക്തൃ സമിതി എന്നിവർ നടത്തുന്ന കത്തിടപാടുകൾ, മറ്റ് തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നില്ല. അതിനാൽ തുടർച്ചയില്ലാത്ത രീതിയിലാണ് നിലവിലെ ഫയൽ സൂക്ഷിപ്പ് സംവിധാനം. ഫയലിനോടൊപ്പം നോട്ട് ഫയൽ സൂക്ഷിക്കുന്ന സംവിധനം നടപ്പിലാക്കി ഇത് പരിഹരിക്കാവുന്നതാണ്.

4.പദ്ധതികളുടെ വിശദാംശങ്ങളൊന്നും പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നില്ല.

പദ്ധിതികളുടെ വിശദാംശങ്ങളൊന്നും ഓഡിറ്റ് വർഷത്തിൽ പരിശോധിച്ച് പ്രോജക്ട് റിപ്പോർട്ടുകളിൽ

രേഖപെടുത്തിയിട്ടില്ല. ഇത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്.

5. കരാർ ചമക്കുന്നതിലെ അപാകതകൾ.

പ്രവൃത്തി അവസാനിക്കേണ്ട തിയ്യതി കരാറിൽ രേഖപ്പെടുത്തുന്നില്ല. 18-9-1997 ലെ ഉത്തരവ് പ്രകാരം കരാർ തിയ്യതിക്ക് പണി അവസാനിച്ചില്ലെങ്കിൽ നിയമാനുസരണം 20% സമയം ഗ്രേസ് പിരീഡ് നൽകി ബാക്കി വരുന്ന വൈകിയ സമയത്തിന് ആദ്യ 3 മാസത്തിന് അംഗീകരിച്ച PAC (Probable Amount of Contract)യുടെ 1% തുകയും തുടർന്നുള്ള ഓരോ മൂന്ന് മാസങ്ങൾക്കും 2% തുകയും പിഴയായി ഈടാക്കേണ്ടതാണ്. ഈ നിയമ വ്യവസ്ഥ ഒഴിവാക്കുന്നതിനും ബോധപൂർവ്വ ശ്രമം നടന്നതായി കാണുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

6.ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നിലവിലെ ആസ്തി രജിസ്റ്ററിലുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികളാണോ അല്ലയോ എന്നത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

7. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പ്രകാരം പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളും പഞ്ചായത്ത് ഭരണാധികാരികൾ തന്നെയാണ്. ആയതിനാൽ പഞ്ചാത്ത് ഭരണാധികാരികൾ അംഗീകരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഭരണാധികാരികൾതന്നെ മോണിറ്റർ ചെയ്യുന്ന നിലവിലെ രീതി ശരിയല്ല. പദ്ധതി നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്ന ഉദ്യോഗസ്ഥന്മാരേയും ഭരണാധികാരികളേയും ഒഴിവാക്കി വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പദ്ധതികൾ മോണിറ്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-29 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല.

2015-16ൽ അസി.സെക്രട്ടറിയുടെ പദ്ധതിയിൽ ആശ്രയ പദ്ധതിക്കായി 150000/-രു വകയിരുത്തിയിരുന്നു.എന്നാൽ പദ്ധതി നടപ്പിലാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം നിർബന്ധ വകയിരുത്തൽ നടത്തേണ്ട ആശ്രയ പദ്ധതി നടപ്പാക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ ഹാജരാക്കിയ കണക്കുകൾ പ്രകാരം മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 32 ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 19/19.11.2016). പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം പദ്ധതി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 3-30 പഞ്ചായത്തിന് മഴ വെള്ള സംഭരണത്തിനായി ലഭിച്ച 1000000/-വിനിയോഗിച്ചിട്ടില്ല.

പഞ്ചായത്തിന് ഡിഡിനമ്പർ 113645/22.1.16 പ്രകാരം (ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച്) മേൽക്കൂരയിൽ മഴ വെള്ള സംഭരണത്തിനായി ലഭിച്ച 1000000/- രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. പ്രസ്തുത തുക വിനിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-31 ചെലവഴിക്കാതെ തിരികെ ലഭിച്ച തുക തിരിച്ചടച്ചിട്ടില്ല.

പഞ്ചായത്ത് വിവധ പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകകൾ ചെലവഴിക്കാത്ത തുകയിൽ വാട്ടർ അതോറിറ്റി തിരിച്ചു നൽകിയത് നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

വിശദാംശം താഴെ ചേർക്കുന്നു.

| ചെക്ക് നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|
| 505234/16.11.15 | 900000 | താഴെക്കാട് കുടിവെള്ള പദ്ധതി വിഹിതം തിരികെ നൽകിയത് |
| 505196/20.7.14 | 175901 | ഡെപ്പോസിറ്റ് വിഹിതം ചെലവഴിക്കാത്തത് തിരികെ നൽകിയത് |

തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-32 ആശ്രയ പദ്ധതി അവലോകനം

2004 ൽ ആണ് പഞ്ചായത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചത്. 2007ൽ ആദ്യ ഘട്ടം അവസാനിച്ചു. 172 ഗുണഭോക്താക്കളെയാണ് ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്തത്. ഗുണഭോക്താക്കൾക്ക് വിവിധ ആവശ്യങ്ങൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക |
|---|---|
| വീട് | 2526000 |
| അറ്റകുറ്റപ്പണി | 212500 |
| ഭൂമി | 487500 |
| ടോയ്ലറ്റ് | 100000 |

പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുക 2404200 രൂപ ആണ്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്നതിന്റെ വിശദാംശം കുടുംബശ്രീയിൽ ലഭ്യമല്ല.

രണ്ടാംഘട്ട പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വിവിധ ആവശ്യങ്ങൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ചത് |
|---|---|---|
| വീട് | 3100000 | 2800000 |
| അറ്റകുറ്റപ്പണി | 82500 | 15000 |
| ഭൂമി | 630000 | 570000 |

രണ്ടാംഘട്ടത്തിലും വകയിരുത്തിയ തുക മുഴവൻ ഗുണഭോക്താക്കൾക്കായി ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. രണ്ടുഘട്ടത്തിലും റീവിസിറ്റ് നടത്തിയിട്ടില്ല.ആശ്രയ പദ്ധതിക്കായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ആശ്രയ പദ്ധതി അവലോകനം നടത്തി ഗുണഭോക്താക്കൾക്ക് ആവശ്യമായ സാഹചര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-33 പാലിയേറ്റീവ് മരുന്ന് മുഴവൻ ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ-43/16

ഡിഡി നമ്പർ-718656/29.3.16-56000/-

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ മരുന്ന് വാങ്ങലിനായി കാരുണ്യ ഫാർമസിക്ക് 56000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയും പ്രകാരം 24949/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ.

1.ബിൽ നമ്പർ-27472/19.7.2016-15207/-
2.ബിൽ നമ്പർ-35905/17.8.16-9742/-
ആകെ ലഭിച്ചത് -24949/-
ബാക്കി 31051/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-34 തൊഴിലുറപ്പ് പദ്ധതി -എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് സൈറ്റ് പരിശോധന നടത്തിയല്ല തയ്യാറാക്കിയിരിക്കുന്നതെന്ന് കാണുന്നു. ഉദാ:- തോട് പുനരുദ്ധാരണ പ്രവൃത്തികളിൽ ഫയലിനൊപ്പം ഉള്ള ഫോട്ടോകൾ പ്രകാരം പല തോടുകളിലും പ്രവൃത്തി തുടങ്ങുന്നതിന് മുൻപും ശേഷവും വെള്ളമില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 'in or under water'ൽ ചെയ്യുന്ന പ്രവൃത്തിയുടെ റേറ്റ് അടിസ്ഥാനമാക്കിയാണ്. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | എം ബുക്ക് നമ്പർ | നൽകിയ റേറ്റ് |
|---|---|---|
| പള്ളിക്കപ്പാടം – വെള്ളാംചിറ തോട് പുനരുദ്ധാരണം വാർഡ് 4 | 235/2014 /AE/NREGS | 3664/100m$^2$ |
| കണ്ണോളിച്ചിറ തോട് പുനരുദ്ധാരണം വാർഡ് -1 | 240/14/ AE/NREGS | 3664/100m$^2$ |

സാധാരണ മൺപണിക്ക് വരുന്ന റേറ്റിന് ആണ് അർഹത ഉള്ളത്. മേൽ പ്രകാരം ഉയർന്ന റേറ്റ് നൽകിയിരിക്കുന്നത് ശരിയായ നടപടി അല്ല. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 200000/- | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000/- | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി.നം./തീയതി | തുക |
|---|---|---|---|
| അസി.എഞ്ചിനീയർ, കെ എസ്.ഇ.ബി , വെള്ളാങ്ങല്ലൂർ | ഇൻസ്റ്റലേഷൻ ഓഫ് എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് ഇൻ എസ് സി കോളനി | 21501404/ 29.03.2016 | 253878/- |
| | | 21501467/ 31/03/2016 | 210030/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ ഫോർ സ്ട്രീറ്റ് ലൈറ്റ് | 21501468/ 31.03.2016 | 495320/- |
| ആകെ | | | 959228 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ) 53564/ DBI/08 തസ്വഭവ തീയതി 25.08.2011 | 9575000 | 8129000+ 2392473 Intrs 10521473 | 3981400 | 459302 | 4147600 + 2480960 Intrs |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 73008 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2.2(a) | 250 | സുധി.കെ.സി. | 11504101221/30.06.2015 |
| 2012-13 | 3.10 | 8000 | ഐ.കെ.എം. റീഫണ്ട് | 11504500002/11.07.2015 |

| | | | | |
|---|---|---|---|---|
| 2013-14 | 2.2(C) | 1250 | മാവേലി സ്റ്റോർ | 11504102100/09.09.2015 |
| 2013-14 | 3.1 | 59746 | എസ്.സി. ഫ്ലാറ്റ് കൺസ്ട്രക്ഷൻ | 11504104471/14.01.2016 |
| 2013-14 | 2.2(b) | 3762 | പ്രൊഫഷൻ ടാക്സ്, ടി.ബാലചന്ദ്രൻ | 11504400012/03.02.2016 |
| ആകെ | | 73008 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :101819738 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :123658878 | |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :52173/- | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3347324/- | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-6 | | 52,173 | ഹെലനി.എ.എം, ഐസിഡിഎസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9(1) | 33341 | ശ്രീമതി. റിങ്കു, കൃഷി ഓഫീസർ |
| 3-9(2) | 25968 | ശ്രീമതി. റിങ്കു, കൃഷി ഓഫീസർ |
| 3-11 | 36563 | ശ്രീമതി.റിങ്കു, കൃഷി ഓഫീസർ |
| 3-12 | 297975 | ശ്രീമതി.റിങ്കു, കൃഷി ഓഫീസർ. |
| 3-14 | 15000 | ശ്രീമതി.ശോഭനാ.പി.മേനോൻ, ഹെഡ് മിസ്ട്രസ് |
| 3-15 | 75000 | ശ്രീമതി.ശോഭനാ.പി.മേനോൻ ഹെഡ്മിസ്ട്രസ് |
| 3-16 | 150000 | ശ്രീമതി.ശോഭനാ.പി.മേനോൻ. ഹെഡ് മിസ്ട്രസ്. |
| 3-17 | 400000 | ശ്രീമതി.ശോഭനാ.പി.മേനോൻ. ഹെഡ് മിസ്ട്രസ് |
| 3-19 | 150000 | മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-20 | 1338477 | ശ്രീ.എൻഎം.അബ്ദുൾജലീൽ, അസി.സെക്രട്ടറി(610030/-) |
| | | ശ്രീ.എം.പി. സന്തോഷ് കുമാർ, സെക്രട്ടറി (728447/-) |
| 3-25 | 200000 | ശ്രീ. എൻ.എം.അബ്ദുൾജലീൽ.അസിസ്റ്റന്റ് സെക്രട്ടറി(610030/-) |
| 3-27 | 625000 | ശ്രീ.മേനോൻ രവി, വെറ്ററിനറി സർജൻ |
| ആകെ | 3347324/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ-3-23 - 1906/- രൂപ - എംപി സന്തോഷ് കുമാർ, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹെലനി.എ.എം, ഐസിഡിഎസ് | ഐസിഡിഎസ് സൂപ്പർവൈസർ, | മൂലൻഹൗസ്, പുളിയണം, |

| സൂപ്പർവൈസർ | പാറക്കടവ് പഞ്ചായത്ത് | അങ്കമാലി -683572 |
|---|---|---|

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | റിമാർക്ക്സ് |
|---|---|---|---|
| 1995-96,1996-97,97-98 | എൽ. എഫ്.ടി.9-1555/98 തീയതി 16.4.99/7.7.99 | 5 | |
| 98-99 | എൽ. എഫ്.ടി.9- 313/00തീയതി 24.4.00/17.5.00 | 21 | |
| 99-00 | എൽ. എഫ്.ടി.9-293/01തീയതി 27.4.01 | 20 | |
| 2000-01 | എൽ. എഫ്.ടി.9- 1608/01തീയതി 24.8.02/14.11.12 | 18 | |
| 2001-02 | എൽ. എഫ്.ടി.9- 2119/05തീയതി 4.2.06/14.11.06 | 7 | |
| 2002-03 | എൽ. എഫ്.ടി.21- 2438/07തീയതി 2.8.08/16.10.08 | 6 | |
| 2003-04 | എൽ. എഫ്.ടി.2439/07 തീയതി 2.8.08 | എല്ലാം | |
| 2004-05 | എൽ. എഫ്.ടി.21- 2440/07 തീയതി 2.8.08 | എല്ലാം | |
| 2005-06 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 | എല്ലാം | |
| 2006-07 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 | എല്ലാം | |
| 2007-08 2010-11 | എൽ. എഫ്.ടി.(ബി.പി) 2267/12തീയതി 5.2.13/15.6.13 | എല്ലാം | |
| 2011-12 | എൽ. എഫ്.ടി.(ബി.പി) 1584/2013/ തീയതി.9.14/13.3.14 | എല്ലാം | |
| 2012-13 | എൽ. എഫ്.ടി.(ബി.പി) 1023/2014തീയതി 10.10.14/24.11.14 | എല്ലാം | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി.2) 1734/15തീയതി 8.12.15 | എല്ലാം | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.1/1004/16 തിയതി 22.06.2016 | എല്ലാം | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം1

# AUDIT CERTIFICATE

No. KSA-TSR/(P3)2050/2016

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 30.01.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of vellangallur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements ofvellangallur Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ.(പി3)2050/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ - 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി:30.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് - ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വെള്ളാംകല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളാംകല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.